**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്ററായ ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിന്റെ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നതിൽ ഓഡിറ്റ് ഒബ്ജക്ഷൻ കാരണം തടസ്സം നേരിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 2018-19 വർഷത്തെ കേരള സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ടിൽ ബ്ളോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപെടാത്തതും പൊതുജനാരോഗ്യ മേഖലയിലെ ചുമതലയിൽ ഉൾപ്പെടാത്തതുമായ സർക്കാർ മെഡിക്കൽ കോളേജ് ഹൈൽത്ത് യൂണിറ്റ് ചെറൂപ്പയിൽ നടത്തിയ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരം അല്ല എന്ന തടസ്സവാദം ഉന്നയിക്കുകയും ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രി സമുദ്ധരിക്കുന്നതിന് തുക അനുവദിക്കാൻ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ? | (ബി) | 18/09/1995-ലെ സ.ഉ(പി)189/1995/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അതത് സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി എന്നിവ മാത്രമേ ഉൾപ്പെടുന്നുള്ളൂ. ആയതിനാൽ മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന് തുക ചെലവഴിക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ